# മനുഷ്യപ്രകൃതിയും പാപകൃത്യങ്ങളും

മഅ്റൂഫ് എന്ന പദത്തിന്റെ നേർക്കു നേരെയുള്ള അർഥം 'സുപരിചിതമായത്' എന്നാണ്. മഅ്റൂഫിന്റെ വിപരീത ശബ്ദമായ മുൻകറിന്റെ അർഥമാവട്ടെ 'അപരിചിതമായത്' എന്നും. അഥവാ നന്മയാണ് മനുഷ്യപ്രകൃതിക്ക് പരിചയം. തിന്മ അപരിചിതവും. അതിനാൽ തന്നെ തിന്മ പ്രകൃതിവിരുദ്ധവുമാണ്.

ചിന്താവിഷയം ● **അബുൽ ഹസൻ**

**വിശുദ്ധിയാണ്** മനുഷ്യന്റെ സഹജ പ്രകൃതി. അഥവാ മനുഷ്യ പ്രകൃതി നന്മയാണ്. എന്നാൽ മനുഷ്യപ്രകൃതിയിൽ പുണ്യ-പാപങ്ങൾ ഒരുപോലെ ഉൾച്ചേർന്നിരിക്കുന്നു എന്നാണ് പൊതുധാരണ. ഇത് ശരിയല്ല. ഇതു സംബന്ധമായ ഖുർആൻ സൂക്തം ശ്രദ്ധിക്കുക: "മനുഷ്യാസ്തിത്വത്തെയും അതിനെ സംവിധാനിച്ച രീതിയെയും തന്നെയാണ് സത്യം. എന്നിട്ട് അതിന് അതിന്റെ ദുഷ്ടതയും അതിന്റെ സൂക്ഷ്മതയും സംബന്ധിച്ച് അവൻ ബോധം നൽകുകയും ചെയ്തിരിക്കുന്നു" (*അശ്ശംസ്* 7,8). ഇവിടെ ശരിയും തെറ്റും ബോധിപ്പിച്ചുവെന്നു പറഞ്ഞാൽ പുണ്യ-പാപങ്ങൾ ചെയ്യാൻ ഒരുപോലെ പ്രേരണ നൽകി എന്നല്ല. പ്രത്യുത ശരിയേത് തെറ്റേത് എന്ന തിരിച്ചറിവ് നൽകി എന്നത്രെ. അഥവാ ശരിയോട് സ്നേഹവും തെറ്റിനോട് വെറുപ്പും നൽകി. 'ഫഅൽഹമഹാ' എന്നാണ് ഖുർആനിക പ്രയോഗം. മനുഷ്യന് 'ഇൽഹാം' നൽകി എന്നർഥം. ഒരു കാര്യത്തെക്കുറിച്ച കൃത്യമായ അവബോധമാണ് ഇൽഹാം. അപ്പോൾ നന്മ-തിന്മകൾ വ്യവഛേദിച്ചറിയാനും തിന്മ തള്ളാനും നന്മ കൊള്ളാനുമുള്ള ആന്തരിക ചോദന(മനഃസാക്ഷി)യുമായിട്ടാണ് നമ്മുടെ പിറവി. സൂറ *ബലദിൽ* ഇക്കാര്യം ഇങ്ങനെ വ്യക്തമാക്കുന്നു: "നാം അവന് (നന്മ തിന്മകളുടെ) രണ്ടു മാർഗം കാട്ടിക്കൊടുത്തിരിക്കുന്നു" (സൂക്തം 10). സൂറ *അദ്ദഹ്ർ* മൂന്നാം വാക്യവും ഇക്കാര്യം തന്നെ പറയുന്നുണ്ട്. സൂറ *അൽഖിയാമ* രണ്ടാം സൂക്തമാവട്ടെ മനുഷ്യനിൽ ലീനമായ 'ആക്ഷേപക മനസ്സി'നെ, തിന്മയെ തെരഞ്ഞുപിടിച്ച് നിരൂപിച്ച് പുറന്തള്ളാനുള്ള പ്രവണതയെ പരിചയപ്പെടുത്തുന്നു. ആ അവസ്ഥയിലൂടെ വളർന്നാലാണ് നമുക്ക് 'സമാധാനം പ്രാപിച്ച ആത്മാവാ'യി ഉയരാൻ സാധിക്കുക. അതിനു പകരം മനഃസാക്ഷിയെ തുരുമ്പെടുക്കാൻ അനുവദിച്ചാൽ 'തോന്ന്യാസിയായ ആത്മാവ്' എന്ന അധമാവസ്ഥയിലേക്ക് നിപതിക്കുകയും ചെയ്യും.

സൂറ *അശ്ശംസി*ലെ 7,8 വരികൾക്കു മുമ്പായി അല്ലാഹു പറഞ്ഞ കാര്യവും (*വന*

*ഫ്സിൻ വമാ സവ്വാഹാ*) ഏറെ പ്രസക്തമാണ്. 'ആത്മാവിനെ സന്തുലിതമാക്കുക' എന്ന വശത്തെപ്പറ്റി സയ്യിദ് മൗദൂദി എഴുതുന്നു: "മനുഷ്യനെ ജന്മനാ പാപപേരുവും ദുഷ്ടനുമായിട്ടല്ല, പ്രത്യുത ശുദ്ധവും ഋജുവുമായ പ്രകൃതിയായിട്ടാണ് സൃഷ്ടിച്ചിട്ടുള്ളത് എന്ന ആശയവും 'സന്തുലിതമാക്കുക' എന്ന വാക്ക് ഉൾക്കൊള്ളുന്നു" (*തഫ്ഹീം*, ഭാഗം 6 പേജ് 301). സൂറ *അർറൂം* 30-ാം സൂക്തം ഈ വസ്തുത കുറേക്കൂടി വ്യക്തമാക്കുന്നുണ്ട്: "അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ള പ്രകൃതി ഏതാണോ അതിൽ നിലകൊള്ളുക". *അൽഅഅ്റാഫ്* 172-ാം സൂക്തവും മനുഷ്യപ്രകൃതിയുടെ ശുദ്ധത വ്യക്തമാക്കുന്നു.

മനഃസാക്ഷി എപ്പോഴും നന്മയുടെ പക്ഷത്തേ നിൽക്കുകയുള്ളൂ. നബി(സ) അക്കാര്യം പഠിപ്പിച്ചിട്ടുമുണ്ട്. വാബിസ്വത്ത്ബ്നു മഅ്ബദിൽ അസദിയിൽനിന്ന് നിവേദനം: റസൂൽ(സ) വാബിസ്വയോട് ചോദിച്ചു: "പാപത്തെയും പുണ്യത്തെയും കുറിച്ച് ചോദിക്കാനാണോ നീ വന്നത്?" ഞാൻ പറഞ്ഞു: "അതേ". അപ്പോൾ റസൂൽ(സ) തന്റെ വിരലുകൾ കോർത്തിണക്കി നെഞ്ചിലടിച്ചു മൂന്നു പ്രാവശ്യം പറഞ്ഞു: "വാബിസ്വാ, നീ നിന്റെ ഹൃദയത്തോട് ഫത്‌വ ചോദിക്കുക. മനസ്സ് തൃപ്തിയടഞ്ഞതും ഹൃദയം കാംക്ഷിക്കുന്നതുമെന്തോ അതാണ് പുണ്യം. മനസ്സിൽ അസ്വസ്ഥതയും സംശയവും സൃഷ്ടിക്കുന്നതെന്തോ അതാണ് പാപം. ജനങ്ങൾ നിനക്ക് ഏതു തരം ഫത്‌വ നൽകിയാലും" (ദാരിമി). പ്രവാചകൻ മറ്റൊരിക്കൽ പറഞ്ഞു: "പുണ്യം എന്നാൽ ഉത്തമ സ്വഭാവമത്രെ. പാപം നിന്റെ മനസ്സിന് പ്രയാസമുണ്ടാക്കുന്നതും ജനങ്ങൾ അറിയുന്നത് നീ വെറുക്കുകയും ചെയ്യുന്ന കാര്യമാണ്" (മുസ്‌ലിം).

മനുഷ്യപ്രകൃതത്തിന്റെ മൗലിക വിശുദ്ധി പ്രമാണങ്ങൾ വിവിധ രീതികളിലൂടെ പരിചയപ്പെടുത്തിയിട്ടുണ്ട്. ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഹദീസ് കാണുക: "ഒരു ശിശുവും ശുദ്ധപ്രകൃതിയോടെയല്ലാതെ ജനിക്കുന്നില്ല. പിന്നീട് അവന്റെ മാതാപിതാക്കൾ അവനെ ജൂതനോ ക്രിസ്ത്യാനിയോ അഗ്നിപൂജകനോ ആക്കുന്നു. മൃഗങ്ങളുടെ ഉദരങ്ങളിൽനിന്ന് കുഞ്ഞുങ്ങളായി ജനിക്കുന്ന കാലികളെ പിന്നീട് ചെവി മുറിക്കപ്പെട്ടതായി നിങ്ങൾ കാണുന്നില്ലേ, അതുപോലെ തന്നെയാണിതും." ഇമാം അഹ്മദ് ഉദ്ധരിച്ച ഒരു ഖുദ്സിയായ ഹദീസ് ഇങ്ങനെയാണ്: "എന്റെ നാഥൻഅരുൾ ചെയ്യുന്നു: ഞാൻ എന്റെ എല്ലാ ദാസന്മാരെയും ഋജു പ്രകൃതിയോടെ സൃഷ്ടിച്ചിരിക്കുന്നു. പിന്നെ ചെകുത്താൻ വന്ന് അവരെ പ്രകൃതി മതത്തിൽനിന്ന് വഴിതെറ്റിക്കുന്നു. നാം അവർക്ക് അനുവദിച്ചുകൊടുത്തതിനെ അവൻ നിഷിദ്ധമെന്ന് കൽപിക്കുന്നു. നമ്മുടെ പങ്കാളിയെന്ന് യാതൊരു പ്രമാണവും അവതരിപ്പിച്ചിട്ടില്ലാത്തതിനെ നമ്മുടെ പങ്കാളിയായി നിർദേശിക്കുകയും ചെയ്യുന്നു." അല്ലാഹു സൃഷ്ടിച്ച സർവത്തിന്റെയും അടിസ്ഥാന ഭാവം നന്മയാവാനേ തരമുള്ളൂ. കാരണം നന്മയുടെ നിറകുടമാണല്ലോ അല്ലാഹു. സ്വന്തത്തെ നിർവചിക്കാൻ അവൻ തെരഞ്ഞെടുത്തത് 'വെളിച്ചം' (നൂർ) ആണല്ലോ. മനുഷ്യ സൃഷ്ടിപ്പിലുമുണ്ട് ഈ വിശുദ്ധി. ഖുർആൻ പറഞ്ഞു: "അവനത്രെ ജലത്തിൽനിന്ന് മനുഷ്യനെ സൃഷ്ടിച്ചത്" (25:54). ആദിജലത്തിന്റെ വിശുദ്ധിയെപ്പറ്റി ഉപന്യസിക്കേണ്ടതില്ല.

നന്മയെ കുറിക്കാൻ ഖുർആൻ ഉപയോഗിച്ച *മഅ്റൂഫ്* എന്ന പദത്തിന്റെ നേർക്കു നേരെയുള്ള അർഥം 'സുപരിചിതമായത്' എന്നാണ്. *മഅ്റൂഫി*ന്റെ വിപരീത ശബ്ദമായ *മുൻകറി*ന്റെ അർഥമാവട്ടെ 'അപരിചിതമായത്' എന്നും. അഥവാ നന്മയാണ് മനുഷ്യപ്രകൃതിക്ക് പരിചയം. തിന്മ അപരിചിതവും. അതിനാൽ തന്നെ തിന്മ പ്രകൃതിവിരുദ്ധവുമാണ്. ■